# പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
# (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(നികുതി, ജലവിഭവം എന്നീ വകുപ്പുകൾ വിജ്ഞാപനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)

## പതിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(നികുതി, ജലവിഭവം എന്നീ വകുപ്പുകൾ വിജ്ഞാപനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച്)**

249/2016.

# ഉള്ളടക്കം


| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 9 |

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2014-2016)

**സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ജോസ് തെറ്റയിൽ

അംഗങ്ങൾ :

ശ്രീ. ബാബു എം. പാലിശ്ശേരി

,, പി. കെ. ബഷീർ

,, കെ. ദാസൻ

,, റോഷി അഗസ്റ്റിൻ

,, വി. പി. സജീന്ദ്രൻ

,, വി. ശിവൻകുട്ടി

,, എം. എ. വാഹീദ്

,, എം. പി. വിൻസെന്റ്.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

,, എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് നികുതി, ജലവിഭവം എന്നീ വകുപ്പുകൾ വിജ്ഞാപനങ്ങൾ, റിപ്പോർട്ടുകൾ എന്നിവ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2016 ഫെബ്രുവരി 17-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

## ആമുഖം

ഭരണഘടനയോ പാർലമെന്റിന്റെ ഒരു ആക്റ്റ് വഴി സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിയെയോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലോകൾ മുതലായവയെല്ലാം ഭരണഘടനയിലോ ബന്ധപ്പെട്ട ആക്റ്റിലോ നിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്. പ്രസ്തുത റഗുലേഷനുകൾ, ചട്ടങ്ങൾ മുതലായവ ബന്ധപ്പെട്ട നിയമവ്യവസ്ഥകൾക്കും ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അനുസൃതമായാണോ പുറപ്പെടുവിച്ചത് എന്ന് പരിശോധിക്കുവാനും അവയ്ക്ക് ഭേദഗതികൾ നിർദ്ദേശിക്കുവാനും നിയമസഭയ്ക്കും സഭാംഗങ്ങൾക്കും അവകാശമുണ്ട്.

സംസ്ഥാനത്തിന്റെ വിവിധ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാംതന്നെ സംസ്ഥാന സർക്കാരിന്റെ ഗണ്യമായ മൂലധനത്തോടെയോ ധനസഹായത്താലോ പ്രവർത്തിക്കുന്നവയാണ്. സംസ്ഥാന സർക്കാരിന്റെ ഈ മുതൽമുടക്കുകൾ എങ്ങിനെ വിനിയോഗിക്കുന്നു എന്ന് അറിയുവാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. മേൽസൂചിപ്പിച്ച കടലാസുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്തുവയ്ക്കുവാനും നിയമാനുസൃത പരിശോധന നടത്തുവാനും സർക്കാരിന് ബാധ്യതയുണ്ട്. ഭൂരിഭാഗം വകുപ്പുകളും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നതായി സമിതി വിവിധ കാലഘട്ടങ്ങളിൽ സർക്കാരിനെ അറിയിച്ചിട്ടും ഇക്കാര്യത്തിൽ ഒരു പൂർണ്ണത കൈവരിക്കുവാൻ സാധിച്ചതായി കാണുന്നില്ല. സമിതിയുടെ കാലാകാലങ്ങളിലുള്ള ഇടപെടൽമൂലം കുറച്ച് പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള അലംഭാവം തുടരുന്നത് ആശങ്കാജനകമാണ്. ഈ പോരായ്മ പരിഹരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി സമിതി നികുതി, ജലവിഭവം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഇക്കാര്യത്തിലുള്ള സമിതിയുടെ ആശങ്കകളും നിർദ്ദേശങ്ങളും അവരെ ധരിപ്പിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പിന്റെയും വകുപ്പുകൾ സമർപ്പിക്കുന്ന കാലതാമസപത്രികകളുടെ പരിശോധനയുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

ജനാധിപത്യപ്രക്രിയയിൽ നിയമസഭാ സാമാജികർ അവരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവ്വഹിച്ച് അതുവഴി ജനങ്ങളുടെ ജനാധിപത്യ അവകാശ സംരക്ഷകരായി മാറണമെങ്കിൽ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭിക്കേണ്ടതാണ്. ഇത് ലഭ്യമാക്കുക എന്നത് ഏതൊരു ഗവൺമെന്റിന്റെയും പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. ഇത് ലഭിക്കുവാനുള്ള നിയമസഭാ സാമാജികരുടെ അർഹതയും അവകാശവും സാർവ്വത്രികമായി ജനാധിപത്യത്തിൽ അധിഷ്ഠിതമായ ഗവൺമെന്റുകൾ അംഗീകരിച്ചിട്ടുള്ളതുമാണ്. ഇതിലൂടെ മാത്രമേ സർക്കാരിന് ഭരണ നിർവ്വഹണത്തിൽ അറിയാതെ വന്നുപോകുന്ന വീഴ്ചകളും കുറവുകളും ക്രമക്കേടുകളും കണ്ടെത്തുവാനും പ്രസ്തുത കണ്ടെത്തലുകൾ നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തി ഭരണം കുറ്റമറ്റതാക്കുവാനും അതുവഴി ഭരണഘടനയുടെ ആമുഖത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതുപോലെ ഒരു പരമാധികാര സ്ഥിതി-സമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി രാജ്യത്തെ നിലനിർത്തുവാനും കഴിയുകയുള്ളൂ. നിർദ്ദിഷ്ട സമയപരിധി നിശ്ചയിച്ച് വിവരങ്ങൾ സഭാംഗങ്ങൾക്ക് ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇവ നിയമസഭക്ക് ലഭ്യമാക്കുവാൻ ബാദ്ധ്യസ്ഥരായ പല ഭരണ വകുപ്പുകളും അവ നിശ്ചിത സമയത്തുതന്നെയോ അതിനുശേഷമോ ലഭ്യമാക്കുന്നതിൽ ശുഷ്കാന്തി കാണിക്കുന്നില്ല. ഈ വീഴ്ച പലപ്പോഴും നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങൾ പരിരക്ഷിക്കുന്നതിലുള്ള വിമുഖതയായി പോലും നിരീക്ഷിക്കുവാൻ സാദ്ധ്യതയുണ്ട്. ഇക്കാര്യത്തിൽ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി വിശദമായ പഠനം നടത്തിയതിൽ നിന്നും പല വകുപ്പുകളുടെ ഭാഗത്തും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുള്ളതായാണ് കാണാൻ കഴിഞ്ഞത്.

2. കടലാസുകൾ മേശപ്പുറത്തുവയ്ക്കുവാൻ ലഭ്യമാക്കുന്നതിൽ സംസ്ഥാന നികുതി വകുപ്പും ജലവിഭവ വകുപ്പും വരുത്തുന്ന കാലതാമസവും അതിന് നൽകുന്ന വിശദീകരണങ്ങളും പരിഗണിച്ച സമിതി പ്രസ്തുത വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയുണ്ടായി. 17-11-2015-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ഹാജരായ നികുതി, ജലവിഭവ വകുപ്പ് സെക്രട്ടറിമാരോട് സമിതി കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം, അതിനുണ്ടാകുന്ന കാരണങ്ങൾ എന്നിവയെ പറ്റി ആരായുകയും വകുപ്പ് സെക്രട്ടറിമാർ അതു സംബന്ധിച്ച് വിശദീകരണം നല്കുകയും ചെയ്തു.

3. റിപ്പോർട്ടുകളും വിജ്ഞാപനങ്ങളും സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ യഥാസമയം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ചട്ടപ്രകാരമുള്ള വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി മുൻകാലങ്ങളിൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

4. വിജ്ഞാപനങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയവ ഏത് നിയമവ്യവസ്ഥ അനുസരിച്ചാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും പ്രസ്തുത കടലാസ് എത്രദിവസത്തേക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും വ്യക്തമാക്കുന്നതുമായ ആമുഖകത്ത് സഹിതമായിരിക്കണം പ്രസ്തുത കടലാസുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന സർക്കാരിന്റെ തന്നെ സർക്കുലറുകൾ നിലവിലുണ്ടായിട്ടും സമിതിയുടെ റിപ്പോർട്ടുകളിൽ പലതവണ ശിപാർശ ചെയ്തിട്ടും ഇത് വീണ്ടും ലംഘിക്കുന്നതായിട്ടാണ് കാണുന്നത്. ഇക്കാര്യം ഗൗരവപൂർവ്വം വിലയിരുത്തേണ്ടതുണ്ട്.

5. ഈ സമിതിയുടെ കാലാകാലങ്ങളിലുള്ള ഇടപെടലുകളുണ്ടായതുകൊണ്ട് കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ ജലവിഭവം, നികുതി വകുപ്പുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർ ഇപ്പോഴുമുണ്ടെന്ന വസ്തുത നിലനിൽക്കുന്നു. വകുപ്പുകൾ ലഭ്യമാക്കുന്ന വിവിധ വിജ്ഞാപനങ്ങളുടെയും പ്രസ്തുത വകുപ്പുകൾക്കുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളുടെയും കാലതാമസപത്രികകൾ സമിതി പരിശോധിക്കുകയും തൃപ്തികരമല്ലാത്തവയിൽ അധികവിവരം വകുപ്പുകളിൽ നിന്നും ആരായുകയും ചെയ്യാറുണ്ട്. സമിതി ആവശ്യപ്പെടുന്ന അധികവിവരത്തിന് മറുപടി ലഭ്യമാക്കുന്നതിലും വിവിധ വകുപ്പുകൾ അലംഭാവം കാട്ടുന്നു. ഇത്തരത്തിൽ സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിലും സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങൾ ലഭ്യമാക്കുന്നതിലും ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന അനാസ്ഥയിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു.

## നികുതി വകുപ്പ്

6. നികുതി വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്, മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, കേരള വാല്യൂ ആഡഡ് ടാക്സ്/അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആന്റ് സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് എന്നീ സ്ഥാപനങ്ങളാണ് 25 ലക്ഷം രൂപയിൽ കൂടുതൽ സർക്കാർ മുതൽമുടക്കുള്ളതും നിയമസഭയിൽ കണക്കുകളും റിപ്പോർട്ടുകളും സമർപ്പിക്കുവാൻ

ബാദ്ധ്യതയുള്ളതുമായ സ്ഥാപനങ്ങളായി വകുപ്പ് സമിതിയെ അറിയിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങളുടെ 18-2-2016 വരെയുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച് വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് സമർപ്പണത്തിന്റെ സ്ഥിതി |
|---|---|---|
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ | 2012-13 വരെയുള്ള വാർഷിക റിപ്പോർട്ട് |
| 2 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് | 2009-10 വരെയുള്ള വാർഷിക റിപ്പോർട്ട് |
| 3 | മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ് | 2012-13 വരെയുള്ള വാർഷിക റിപ്പോർട്ട് |
| 4 | ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് | 2013-14 വരെയുള്ള വാർഷിക റിപ്പോർട്ട് |
| 5 | കേരള വാല്യൂ ആഡഡ് ടാക്സ്/ അഗ്രികൾച്ചറൽ ഇൻകംടാക്സ് ആന്റ് സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രിബ്യൂണൽ | 2008-09 വരെയുള്ള ഭരണ റിപ്പോർട്ട് (2009-10, 2010-11 വർഷങ്ങളിലെ റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സാധിച്ചിട്ടില്ല) |
| 6 | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് | ഇതുവരെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടില്ല |

7. വകുപ്പ് നല്കിയ വിവരങ്ങൾ അനുസരിച്ച് നികുതി വകുപ്പിൻ കീഴിൽ മുകളിൽ സൂചിപ്പിച്ച 6 സ്ഥാപനങ്ങൾ നിലവിലുണ്ട്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ 2012-13 വരെയുള്ള വാർഷിക റിപ്പോർട്ടാണ് മേശപ്പുറത്ത് വച്ചിട്ടുള്ളത്. റിവ്യൂ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2014-15-ലെ റിവ്യൂ പ്രകാരം ഈ സ്ഥാപനത്തിന്റെ 2013-14 വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തതായി വ്യക്തമാകുന്നു. പ്രസ്തുത സ്ഥാപനം സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളിൽ ഒന്നാണ്. ഈ സ്ഥാപനത്തിന്റെ 356 യൂണിറ്റുകളിൽ നിന്നും വില്പനയുടെയും വരുമാനത്തിന്റെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടി വരുന്നതും കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് പ്രാവീണ്യം നേടിയ ഉദ്യോഗസ്ഥരുടെ അഭാവുമാണ് യഥാസമയം കണക്കുകൾ തയ്യാറാക്കി സമർപ്പിക്കുവാൻ സാധിക്കാത്തതിന് കാരണമായി പറയുന്നത്. വർഷംതോറുമുള്ള ഏകദേശം 60000-ത്തോളം പർച്ചേയ്സ് ഇൻവോയിസ് ഡിസ്റ്റലറികളിൽ നിന്നും സ്വീകരിക്കുകയും അവ അതത് സപ്ലയർമാരുടെ

അക്കൗണ്ടുകളിലേക്ക് രേഖപ്പെടുത്തുകയും ചെയ്യേണ്ടിവരുന്നത് തുടങ്ങിയ കാര്യങ്ങളും കാലതാമസത്തിനുള്ള കാരണമായി കാലതാമസപത്രികകളിൽ നികുതി വകുപ്പ് രേഖപ്പെടുത്തിക്കാണുന്നു. ആധുനിക കമ്പ്യൂട്ടർ യുഗത്തിൽ ഇത്തരം ബാലിശമായ വിശദീകരണങ്ങൾ കാലതാമസപത്രികയിൽ ഉൾപ്പെടുത്തുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഓരോ ദിവസത്തെയും വാങ്ങലും വില്പനയും സംബന്ധിച്ച കണക്കുകൾ അതത് ദിവസം ക്രോഡീകരിക്കാൻ ഈ കമ്പ്യൂട്ടർ യുഗത്തിൽ കഴിയുന്നില്ല എന്നത് അന്വേഷണ വിധേയമാക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. സ്ഥാപനത്തിന്റെ കണക്കുകളും വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകളും നിശ്ചിത സമയത്തുതന്നെ മേശപ്പുറത്തു വയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. നികുതി വകുപ്പിന്റെ കീഴിലുള്ളതും ലാഭകരമായി പ്രവർത്തിക്കുന്നതുമായ ഒരു ധനകാര്യ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്. സംസ്ഥാനമൊട്ടാകെ ശാഖകളുള്ള ധനകാര്യ സ്ഥാപനമായ കെ.എസ്.എഫ്.ഇ.യുടെ 2009-10 സാമ്പത്തിക വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് നിയമസഭ മുൻപാകെ സമർപ്പിച്ചിട്ടുള്ളത് എന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. 2014-15 വർഷം 209.48 കോടി രൂപ മൊത്തലാഭം ലഭിച്ചതായി ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2014-15-ലെ റിവ്യൂവിൽ രേഖപ്പെടുത്തിയിട്ടുള്ള കെ.എസ്.എഫ്.ഇ.-യുടെ 2012-13 വരെയുള്ള ഓഡിറ്റഡ് അക്കൗണ്ട്സ് മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്നും റിവ്യൂ വ്യക്തമാക്കുന്നു. ഇത്രയും തുക ലാഭമുണ്ടാക്കുന്ന ഈ ധനകാര്യ സ്ഥാപനം കണക്കുകൾ അതതുവർഷം തയ്യാറാക്കുന്നതിൽ കടുത്ത അലംഭാവം കാണിക്കുന്നു. ലാഭം ഉണ്ടാക്കിയാൽ മാത്രം പോര അതിന്റെ വ്യക്തമായ കണക്കുകൾ നിയമസഭയെ യഥാസമയം അറിയിക്കുവാനും കെ.എസ്.എഫ്.ഇ.-ക്ക് ബാധ്യതയുണ്ട്. കെ.എസ്.എഫ്.ഇ.-യുടെ കുടിശ്ശിക റിപ്പോർട്ടുകൾ സഭ മുൻപാകെ എന്നത്തേക്ക് സമർപ്പിക്കുവാൻ സാധിക്കുമെന്നത് സംബന്ധിച്ച ഒരു ഷെഡ്യൂൾ തയ്യാറാക്കി സമിതിക്ക് ലഭ്യമാക്കണമെന്നും സമയബന്ധിതമായി കുടിശ്ശിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

9. മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡിന്റെ 2014-15 വരെയുള്ള ഓഡിറ്റ് പൂർത്തിയായതായാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2014-15-ലെ റിവ്യൂവിൽ വ്യക്തമാക്കുന്നത്. സ്ഥാപനത്തിന്റെ 2012-13-ലെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡിന്റെ 2013-14, 2014-15 വർഷങ്ങളിലെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 13-4-2015-ൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കുകയും 29-6-2015-ൽ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച റിവ്യൂ 2014-15 പ്രകാരം കമ്പനിയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് 2014-15 വരെ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. കേരള വാല്യൂ ആഡഡ് ടാക്സ്/അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആന്റ് സെയിൽ ടാക്സ് അപ്പലേറ്റ് ട്രിബ്യൂണലിന്റെ 2010-11 വർഷം വരെയുള്ള ഭരണറിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിലും കാലതാമസപത്രിക ലഭിക്കാത്തതിനാൽ 2009-10, 2010-11 വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ സാധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ റിപ്പോർട്ടുകളുടെ ഡിലേ സ്റ്റേറ്റ്മെന്റും 2011-12 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകളും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

12. നികുതി വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസിന്റെ വാർഷിക റിപ്പോർട്ടുകൾ ഒന്നുംതന്നെ നാളിതുവരെ സഭയുടെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല എന്നതിൽ സമിതി അസന്തുഷ്ടി രേഖപ്പെടുത്തുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ വാർഷിക കണക്കുകളും റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തുവയ്ക്കുവാൻ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ നികുതി വകുപ്പ് മുൻകാലങ്ങളിൽ കാലതാമസം വരുത്തിയിരുന്നെങ്കിലും ഇപ്പോൾ വളരെയധികം പുരോഗതി കൈവരിച്ചിട്ടുള്ളതായി സമിതി തെളിവെടുപ്പുവേളയിൽ അഭിപ്രായപ്പെട്ടു എങ്കിലും സഭാസമ്മേളനകാലയളവിൽ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ അതേ സഭാ സമ്മേളനത്തിൽ തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്നുള്ള ബഹു. സ്പീക്കറുടെ റൂളിംഗിനനുസരിച്ച് വകുപ്പിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകുന്നതായി കാണുന്നില്ല. ഇത് സംബന്ധിച്ചുള്ള കാലതാമസം ഒഴിവാക്കുന്നതിന് വകുപ്പിൽ റിവ്യൂ മീറ്റിംഗുകൾ കൂടുന്നതാണെന്നും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി സർക്കുലർ പുറപ്പെടുവിക്കുമെന്നും വകുപ്പ് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിക്കുകയും ഉടൻതന്നെ നടപടി എടുക്കുകയും സർക്കുലർ (അനുബന്ധം) പുറപ്പെടുവിക്കുകയും ചെയ്തതിൽ സമിതി നികുതി വകുപ്പിനെ അഭിനന്ദിക്കുന്നു.

## ജലവിഭവ വകുപ്പ്

14. ജലവിഭവ വകുപ്പിനുകീഴിൽ കേരള വാട്ടർ അതോറിറ്റി, കമാന്റ് ഏരിയ വികസന അതോറിറ്റി, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ഡാം സേഫ്റ്റി അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ഉള്ളതായാണ് വകുപ്പ് സമിതിയെ അറിയിച്ചിട്ടുള്ളത്. ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ 2010-11 വരെയുള്ള ഭരണറിപ്പോർട്ടുകളും 2009-10 വരെയുള്ള വാർഷിക കണക്കുകളും മാത്രമാണ് സഭമുൻപാകെ സമർപ്പിച്ചിട്ടുള്ളത്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2014-15-ലെ റിവ്യൂ പ്രകാരം 2620 കോടി രൂപ അക്യുമുലേറ്റഡ് ലോസ് വന്നിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ 2012-13 വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക ഭരണറിപ്പോർട്ടുകൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് 2005-06 മുതൽ 2008-09 വരെയുള്ള ഭരണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് വേണ്ടെന്ന് വയ്ക്കുവാൻ തീരുമാനിച്ചത് റിപ്പോർട്ട് സമർപ്പണത്തിലെ കുടിശ്ശിക തീർക്കുവാനും സർക്കാരിലേക്കുള്ള റിപ്പോർട്ട് സമർപ്പണം ത്വരിതഗതിയിലാക്കുവാനും വാർഷികഭരണ റിപ്പോർട്ടിന്റെ പ്രസക്തി നഷ്ടപ്പെടാതെതന്നെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടിയാണെന്ന വിശദീകരണമാണ് വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്. ഇത് സദുദ്ദേശത്തോടെ എടുത്ത തീരുമാനമാണെന്ന് വിലയിരുത്താമെങ്കിലും റിപ്പോർട്ട് സഭ മുൻപാകെ സമർപ്പിക്കണമെന്നതിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്ന തരത്തിലാണ് ഇത്തരത്തിലുള്ള ഒരു തീരുമാനം വാട്ടർ അതോറിറ്റി കൈക്കൊണ്ടതെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നാൽ, 2010-11-നുശേഷമുള്ള ഭരണറിപ്പോർട്ടുകളൊന്നുംതന്നെ ഈ തീരുമാനത്തിനു ശേഷവും സഭ മുൻപാകെ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ 2011-12 മുതലുള്ള ഭരണറിപ്പോർട്ടുകളും 2010-11 മുതലുള്ള വാർഷികകണക്കുകളും സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ 2013-14, 2014-15 വർഷങ്ങളിലെ ഭരണറിപ്പോർട്ടുകളും 2011-12 മുതലുള്ള വാർഷിക കണക്കുകളും സഭയിൽ സമർപ്പിക്കുവാൻ കുടിശ്ശികയാണ്. പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ 2014-15-ലെ റിവ്യൂ പ്രകാരം 2012-13 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായതായി വ്യക്തമാക്കിയിട്ടുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2013-14, 2014-15 വർഷങ്ങളിലെ വാർഷികറിപ്പോർട്ടുകൾ കുടിശ്ശികയായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

17. ജലവിഭവ വകുപ്പിനുകീഴിലുള്ള കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ വാർഷിക റിപ്പോർട്ടുകൾ സമയബന്ധിതമായിത്തന്നെ ലഭ്യമാക്കുന്നു എന്നതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

18. ജലവിഭവ വകുപ്പിൽനിന്നും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ./വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നവയ്ക്ക് ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകളിൽ പലപ്പോഴും യുക്തിക്ക് നിരക്കാത്ത കാരണങ്ങളാണ് നൽകുന്നതെന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. എസ്.ആർ.ഒ. നമ്പർ 408/2011-ന് ലഭ്യമാക്കിയ ഡിലേ സ്റ്റേറ്റ്മെന്റിൽ "നിയമസഭാ സമ്മേളനമായതിനാലും കൂടാതെ വകുപ്പിലെ ജോലിഭാരവും വളരെ അടിയന്തരസ്വഭാവമുള്ള ജോലിത്തിരക്കും കാരണം മനഃപ്പൂർവ്വമല്ലാതെ ഉണ്ടായ കാലതാമസം" എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ഇത് സഭയേയും സമിതിയേയും അവഹേളിക്കുന്നതിന് സമാനമായ ഒരു വിശദീകരണമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരമാണ് റഗുലേഷൻ, ചട്ടം മുതലായവ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത്. ഭരണഘടനയോ പാർലമെന്റിന്റെ ഒരു ആക്ട് വഴി സംസ്ഥാന സർക്കാരിനെയോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിക്കോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്ടിലോ നിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ് എന്ന് പ്രസ്തുത ചട്ടം വിശദീകരിക്കുന്നു. ഇതനുസരിച്ച് പ്രസ്തുത എസ്.ആർ.ഒ. മുതലായവ പുറപ്പെടുവിച്ച് 2 മാസമോ സഭാ സമ്മേളനമോ ഏതാണാദ്യം വരുന്നത് അതിനു മുൻപായോ സഭാ സമ്മേളനകാലയളവിലാണ് പുറപ്പെടുവിച്ചതെങ്കിൽ ആ സഭാ സമ്മേളനകാലയളവിൽ തന്നെയോ സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കി ബഹു. സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. സമയബന്ധിതമായി ചെയ്യേണ്ട പ്രസ്തുത കാര്യത്തിന് പ്രാധാന്യം നൽകാതെ സെക്ഷന്റെ മറ്റുകാര്യങ്ങളിൽ ശ്രദ്ധ കൊടുക്കുന്നതുകൊണ്ടാണ് വകുപ്പുമന്ത്രിക്ക് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിൽ ഡിലേ സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടിവരുന്നത്. ആയതിനാൽ, സമയനിബന്ധനയുള്ള ഇത്തരം കാര്യങ്ങളിൽ വീഴ്ച വരുത്താതിരിക്കുവാൻ വകുപ്പ് ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

249/2016.

19. നിയമസഭാ സമ്മേളനം തുടങ്ങുന്നതിനുമുൻപായി വകുപ്പ് സെക്രട്ടറിമാർ അവരുടെ വകുപ്പിൻകീഴിലുള്ള സെക്ഷനുകളുമായി ബന്ധപ്പെട്ട് കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ അവലോകനം ചെയ്യാമെന്ന് ജലവിഭവ വകുപ്പ് സെക്രട്ടറി തെളിവെടുപ്പുയോഗത്തിൽ സമിതി മുൻപാകെ അറിയിച്ചിരുന്നു. അതനുസരിച്ച് ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ടതും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുമായ കടലാസുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി റിവ്യൂ മീറ്റിംഗുകൾ നടത്തണമെന്നും കടലാസുകൾ നിയമസഭാ സെക്രട്ടേറിയറ്റിൽ യഥാസമയം ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ജോസ് തെറ്റയിൽ,
*അദ്ധ്യക്ഷൻ,*
*മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 17.

അനുബന്ധം

GOVERNMENT OF KERALA

Taxes (PS) Department
Thiruvananthapuram
Dated : 17.11.2015

No. 24935/PS/2015/TD

## CIRCULAR

Sub:- Taxes Department –The Legislature Committee on Papers Laid on the Table- Submission of SRO's, Annual Reports etc – instructions issuing of – Reg.

Ref:- Note dated 17.11.2015 of the Principal Secretary (Taxes).

The Legislature Committee on Papers Laid on the Table has held a meeting on 17.11.2015 for reviewing the status of placing the SRO's, Annual Reports on the floor of the House. The Chairman of the Committee has expressed his displeasure in delay in submitting adequate number of copies of the SRO's Annual Reports etc. as stipulated in the rules. It is also noticed that the daily statements accompanying the notifications are of poor quality and therefore felt that the work is not taken with adequate seriousness. It is therefore ordered for the following steps to improve the situation:-

1. The Under Secretaries shall ensure maintenance of the register for issue of SRO's and submitting the same to the Legislature or placing before the floor of the House. The Under Secretaries are responsible for any delay or any action initiated consequential to the Legislature Committee recommendations. The Under Secretaries shall closely monitor and ensure that the required number of copies of the SRO's shall be sent with covering letter as prescribed, in the same week on receipt of the SRO's.
2. The Additional Secretaries shall conduct the monthly review and monitor the action.
3. The Additional Secretaries shall inspect the register concerned on a monthly basis.

4. The Additional Secretary coordinating the Legislature Committee shall get the review done at the level of the Principal Secretary, a week before the commencement of every session of the Legislature Assembly.
5. The Under Secretaries shall take stock of the position with respect to old cases issued so far and update the position by 28.11.2015.

**DR.W.R.REDDY**
Principal Secretary to Government

Copy to:-

All Under Secretaries of Taxes Dept.
All Sections of Taxes Dept.
PS to Principal Secretary, Taxes Dept
CA to Additional Secretary I, Taxes Dept.
CA to Additional Secretary II, Taxes Dept.

Forwarded / By Order

Section Officer